കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## വെളിയനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി12-282/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ -688 011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി : 16.05.2019

ഡെപ്യൂട്ടി ഡയറക്ടർ

.
.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെളിയനാട് ഗ്രാമ പഞ്ചായത്ത്

.
.

സർ,

വിഷയം : വെളിയനാട് ഗ്രാമപഞ്ചായത്ത്- 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി12-282/19 തീയതി – 16.05.2019

# ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 22.08.2017 മുതൽ 10.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മാത്രമേ മറുപടി ലഭ്യമാക്കിയുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11.03.2019 മുതൽ<br>23.03.2019 വരെ | ശ്രീ. കെ. എം. പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജാക്വലിൻ. പി. ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽ. കെ. ബി, ഓഡിറ്റർ (11.03.2019 മുതൽ 13.03.2019 വരെ) |

ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. വത്സമ്മ പുലിക്കൂട് | 01.04.2017 മുതൽ 04.4.2017 വരെ |
| 2 | ശ്രീ. സാബു തോട്ടുങ്കൽ | 05.4.2017 മുതൽ 31.03.2018 വരെ |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. വൽസല പുലിക്കുട്<br>ശ്രീമതി. വനജ പുഷ്പൻ | 01.04.2017 – 26.09.2017<br>27.09.2017 – 31.03.2018 |
| 2 | ക്ഷേമകാര്യം | ശ്രീമതി. ശോഭനകുമാരി | 01.04.2017 – 31.03.2018 |
| 3 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീ. കെ. മോഹൻലാൽ | 01.04.2017 – 31.03.2018 |
| 4 | വികസനം | ശ്രീ. ഔസേപ്പച്ചൻ ഔസേഫ് | 01.04.2017 – 31.03.2018 |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. എസ്. വിജയ്, സെക്രട്ടറി | 01.04.2017 മുതൽ 18.04.17 വരെ |
| | ശ്രീ. അനിൽകുമാർ | 19.04.17 മുതൽ 05.05.17 വരെ |
| | ശ്രീ. എസ്. വിജയ് | 06.05.17 മുതൽ 11.05.17 വരെ |
| | ശ്രീ. ചന്ദ്രബാബു | 12.05.17 മുതൽ 11.06.17 വരെ |
| | ശ്രീ. നിസ്സാർ | 12.06.17 മുതൽ 09.08.17 വരെ |
| | ശ്രീമതി. ടെസ്സീല. എൻ. എ | 10.08.17 മുതൽ 31.03.18 വരെ |

3. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ബാബുജോൺ | 01.04.17 മുതൽ 07.08.17FN വരെ |
| | | പ്രീജബാലൻ | 07.08.17AN മുതൽ 31.03.18 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. സാബു സി. ഐസക്ക് | 01.04.17 മുതൽ 05.01.18വരെ |
| | | ഡോ. ജോസ് മാത്യു | 06.1.18 മുതൽ 31.03.18 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ജീന വർഗ്ഗീസ് | 1.4.17മുതൽ 06 .11.17 വരെ |
| | | ശ്രീമതി. മോനിഷ. എസ് | 07.11.17മുതൽ 31.3.18 വരെ |
| 4 | മെഡിക്കൽ ഓഫീസർ (സിഎച്ച്.സി) | ഡോ. അനിൽകുമാർ | 01.04.17 മുതൽ 31.03.18 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വിഷ്ണു നമ്പൂതിരി | 1.4.17 മുതൽ 31.3.18വരെ |

| | | | |
|---|---|---|---|
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. രാജി. ആർ. നായർ | 1.4.17 മുതൽ 31.3.18വരെ |
| 8 | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ് | ശ്രീമതി. ജയലക്ഷ്മി | 1.4.17 മുതൽ 31.3.18വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. അജിത അനീഷ്<br>ശ്രീമതി. ആശാ രാജ് | 01.04.17 മുതൽ 31.07.17 വരെ<br>01.08.17 മുതൽ 31.03.18 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബിജു. എം. ബി. | 1.4.17 മുതൽ 31.03.18 വരെ |
| 11. | മെഡിക്കൽ ഓഫീസർ (ഹോമിയോ.) | ഡോ. നിഷ. എ. എൻ | 01.04.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| 1 | 1-1 മുതൽ<br>1-12 വരെ | പൊതു അവലോകനം |
| 2 | 2-1 | ഡി ആന്റ് ഓ ലൈസൻസ് - മോട്ടോർ റണ്ണിംഗ് ഫീസ് ഫീസ് ഈടാക്കിയില്ല |
| 3 | 2-2 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 4 | 2-3 | ബി എസ് എൻ എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല |
| 5 | 3-1 | ആവശ്യകത നിർണ്ണയിക്കാതെ സെർവർ കംപ്യൂട്ടർ വാങ്ങൽ - |
| 6 | 3-2 | യുവതി യുവാക്കൾക്ക് ലാപ്ടോപ്പ് നൽകൽ പദ്ധതി -അപാകതകൾ |
| 7 | 3-3 | നെൽ കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ട് -ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 8 | 3-4 | ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് വർക്കുകൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. |
| 9 | 3-5 | എ. ഇ. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ സംബന്ധിച്ച് |
| 10 | 3-6 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല |
| 11 | 3-7 | കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 12 | 3-8 | പൊതുടാപ്പുകളുടെ വെള്ളക്കരം - വൻബാധ്യത |
| 13 | 3-9 | ക്ഷേമപെൻഷനുകൾ -സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല |
| 14 | 4-1 മുതൽ<br>4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

| | | |
|---|---|---|
| 15 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 16 | അനുബന്ധം 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18 വർഷത്തെ ബജറ്റ് 14.3.2017-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരം കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 പ്രകാരം ബജറ്റ് തയ്യാറാക്കേണ്ടതാണ്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 96536500 | 96004000 |
| വാർഷിക കണക്ക് പ്രകാരം | 39416815 | 39391360 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2017 | 11.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSA-ALP-GA4-1126(34)/2018, തീയതി. 30.07.2018 | വിശേഷണങ്ങളോടുകൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7685414 |
| വരവ് | 39416815 |
| ആകെ | 47102229 |
| ചെലവ് | 39391360 |
| നീക്കിയിരുപ്പ് | 7710869 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 0 | 9033191 | 9033191 | 7247675 | 1785516 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 2844661 | 2844661 | 2729135 | 115526 |
| സി.എഫ്.സി | 0 | 10123848 | 10123848 | 4876333 | 5247515 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 2011161 | 2011161 | 1982824 | 28337 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 2350881 | 2350881 | 2350784 | 97 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 0 | 2591000 | 2591000 | 2494406 | 96594 |
| എസ്.ബി.റ്റി – പൈക്ക പ്ലാൻ | 87533 | 3261 | 90794 | 0 | 90794 |
| ടി.എസ്.ബി – ജോയിന്റ് വെൻച്വർ | 0 | 1803438 | 1803438 | 1562389 | 241049 |
| ബി. ഫണ്ട് | 0 | 24625920 | 24625920 | 24625920 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 346 | 14420108 | 14420454 | 14393952 | 26502 |
| ട്രഷറി ടി.എസ്.ബി ജനറൽ പർപ്പസ് | 2504623 | 4793000 | 7297623 | 4365879 | 2387744 |
| സാക്ഷരത | 37968 | 78670 | 116638 | 116638 | 0 |
| കറന്റ് അക്കൌണ്ട് | 3147 | 4200 | 7347 | 2030 | 5313 |
| തനത്ഫണ്ട് | 2393664 | 4297118 | 6690782 | 4726704 | 1964078 |
| ക്യാഷ് | 283815 | 99450 | 383265 | 283815 | 99450 |
| മറ്റിനം | 482251 | 18401 | 500652 | 0 | 500652 |
| ടോട്ടൽ സാനിട്ടേഷൻ | 1892067 | 1728149 | 3620216 | 1224929 | 2395287 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 114 | 37499377 | 71 | 22469755 | 4 | 38 | 63.15 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 346 | 988948 | 989294 | 962792 | 26502 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 13431160 | 13431160 | 13431160 | - |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 28320 | 48 |
| കർഷകതൊഴിലാളിപെൻഷൻ | 11566700 | 934 |
| വിധവാപെൻഷൻ | 3475700 | 285 |
| വാർദ്ധക്യകാലപെൻഷൻ | 6269400 | 455 |
| വികലാംഗപെൻഷൻ | 1697600 | 142 |
| അവിവാഹിതപെൻഷൻ | 238200 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.03.2019 3.10 പി.എം ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7303/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ഇനിയും കാര്യക്ഷമമാക്കേണ്ടതാണ്. പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമായ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയോ പഞ്ചായത്ത് കമ്മറ്റിയോ ചർച്ചനടത്തിയതായി കാണുന്നില്ല. അനിവാര്യ ചെലവുകളിൽ ഉൾപ്പെട്ട കുടിവെള്ളത്തിനായി വൻതുക വാട്ടർ അതോറ്റിയിൽ കുടിശ്ശികയുണ്ട്. ഇത് അടവാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ചചെയ്തിട്ടില്ല. പഞ്ചായത്ത് ഓഫീസിന്റെ ഭൗതികസാഹചര്യങ്ങൾ അപര്യാപ്തമാണ്. റെക്കോർഡ് റൂം ഇല്ല. ഫ്രണ്ട് ഓഫീസിന് സ്ഥലപരിമിതിയുണ്ട്. ഇതെല്ലാം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.02.19 | 01/19 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-02-16 മുതൽ 16-03-2016 വരെ | 2010-11 - 2014-15 | 10-05-2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

അപാകതകൾ KSA-ALP-GA4-1126( 34)/2018 തീയതി. 30.07.2018 – ൽ പരാമർശിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ചിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് - മോട്ടോർ റണ്ണിംഗ് ഫീസ് ഫീസ് ഈടാക്കിയില്ല

2017-18 വർഷത്തെ ഡി & ഒ ലൈസൻസ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ഫീസ് ഈടാക്കിയിട്ടില്ല.

| അപേക്ഷകൻ | കെട്ടിടനമ്പർ / വീട്ട്നമ്പർ | ഉപയോഗിച്ച യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|
| പി. എൻ. ബാലകൃഷ്ണൻ, പ്രസാദാലയം | IX/ 260 A | HP 1 | 50 /- |
| തോമസ്. പി. തോമസ്, പുതുമംഗലം, വെളിയനാട് | X ,161 A | 5 HP | 100/- |
| ഗ്രേസ് സഖറിയ, മാലിത്ര ഹൗസ് | 8 /308 | 19 HP | 200 /- |
| അജയ് സഖറിയ മാത്യൂ | 9/391 | 150 HP | 2000 /- |
| പുഷ്കരൻ. കെ, അമൽഭവൻ | 11/190 | 10 HP | 200 /- (ഈടാക്കിയത് 100/-) |
| കുഞ്ചെറിയ. കെ, തുരുത്ത്മാലിൽ | 8 /314 | 17 HP | 200/- |
| രാധാകൃഷ്ണൻ, കൃഷ്ണാലയം | 3 /243 | 5HP | 100/- |
| ആകെ | | | 2750/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 11/22.03.19) ഫീസ് ചുമത്തിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതായിരിക്കും എന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ഈ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന കാനറ ബാങ്ക്, കിടങ്ങറയിൽ നിന്നും സ്ഥാപന നികുതിയും പോസ്റ്റ് ഓഫീസ്, വെളിയനാട് (ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ), എൽ.എസ്.ജി.ഡി, വെളിയനാട്

(രണ്ടാം അർദ്ധവർഷം), അമൂല്യ ഫിനാൻഷ്യൽ ലിറ്ററസി സെന്റർ (ഒന്നാം അർദ്ധവർഷം) എന്നീ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും പിരിച്ചെടുത്തതായി കാണുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/22.03.19) ഇത് സംബന്ധിച്ച് പഞ്ചായത്ത് മറുപടി ഹാജരാക്കിയില്ല. തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-3 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ബി എസ് എൻ എൽ മൊബൈൽ ടവറിന്റെ 2013-14 മുതലുള്ള വസ്തുനികുതി ഒടുക്കിയിട്ടില്ല. ഹാജരാക്കിയ രേഖകൾ പ്രകാരം 30240 /- രൂപ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ഒടുക്കുവാനുണ്ട്. ഈ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആവശ്യകത നിർണ്ണയിക്കാതെ സെർവർ കംപ്യൂട്ടർ വാങ്ങൽ -

പ്രൊജക്ട് നം. - S0006/18

അടങ്കൽ - 1,75,000/-

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്ത് ഓഫീസ് ആവശ്യത്തിനായി സെർവർ കംപ്യൂട്ടർ വാങ്ങുന്നതിനായി 1,73,000/- (ബിൽ നം . 19/17-18 / 17.02.18) സെക്രട്ടറി നിർവ്വഹണദ്യോഗസ്ഥയായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ സെർവർ നിലവിൽ പ്രവർത്തനക്ഷമമല്ല. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഓപ്പറേറ്റിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ വാങ്ങാത്തതിനാൽ നിലവിൽ പ്രവർത്തനക്ഷമമല്ല എന്നും 2019-20 പദ്ധതിയിലുൾപ്പെടുത്തി ഒ.എസ് വാങ്ങി സെർവ്വർ പ്രവർത്തനക്ഷമമാക്കുന്നതാണെന്നുള്ള മറുപടി ഹാജരാക്കിയിട്ടുണ്ട്. ആവശ്യകത നിർണ്ണയിക്കാതെ യാണ് ഈ പർച്ചേസ് നടത്തിയിട്ടുള്ളത്. വാങ്ങിയ സെർവർ നിലവിലും നിഷ്ക്രിയ ആസ്തിയായി തുടരുകയാണ് ചെയ്യുന്നത്. ഇത് പ്രവർത്തിക്കുന്നതിനാവശ്യമായ ഓപ്പറേറ്റിംഗ് സിസ്റ്റം ഉണ്ടെന്ന് ഉറപ്പാക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. തൻമൂലം ഇതിനായി ചെലവഴിച്ച 1,73,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 യുവതി യുവാക്കൾക്ക് ലാപ്ടോപ്പ് നൽകൽ പദ്ധതി -അപാകതകൾ

പ്രൊജക്ട് നം. - S0014/18

അടങ്കൽ - 330000 /-

ബിൽ നം. - 19 / 17-18 , 28.3.18 , 269000 /-

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കാനുദ്ദേശിച്ച പദ്ധതിയായിരുന്ന യുവതി- യുവാക്കൾക്ക് ലാപ്ടോപ്പ് നൽകൽ പദ്ധതി. പദ്ധതി നടത്തിപ്പിനായി നടത്തിയ ടെൻഡറിൽ കുറവ് തുക ക്വാട്ട് ചെയ്ത ഫാസ്സ ഇൻഫർമേഷൻ ടെക്നോളജി എന്ന സ്ഥാപനത്തിൽ നിന്നും ഒരു ലാപ്ടോപ്പിന് 22898/- രൂപ വച്ച് വാങ്ങുന്നതിന് 29.3.2017 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(4) നിശ്ചയപ്രകാരം തീരുമാനിക്കുകയുണ്ടായി. എന്നാൽ ഈ പദ്ധതി 2017-18 വർഷം ആണ് നടപ്പാക്കിയത്. മുൻവർഷം കുറഞ്ഞതുക ക്വാട്ട് ചെയ്ത സ്ഥാപനം ആ വിലയ്ക്ക് ലാപ്ടോപ്പ് വിതരണം ചെയ്യാൻ 17-18 വർഷം സാധിക്കുകയില്ല എന്നറിയിച്ചതിനെ തുടർന്ന് 23.3.18 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം ആൽഫ സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും ഒരു ലാപ്ടോപ്പിന് 26900/- രൂപ പ്രകാരം 10 ലാപ്ടോപ്പുകൾ വാങ്ങി 16-17 വർഷം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയുണ്ടായി. എന്നാൽ ആൽഫ സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് ടെൻഡർ വിളിച്ചതിന്റെ രേഖകളോ, പർച്ചേസിംഗ് കമ്മറ്റി മിനിട്സോ ഹാജരാക്കിയില്ല. ഹാജാരക്കിയ രേഖകൾ

പ്രകാരം ലാപ്ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികൾ 2016-17 വർഷത്തെ കോഴ്സ് സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. 2017-18 വർഷം പുതിയ ഗുണഭോക്താക്കളെ ഇതിനായി തെരഞ്ഞെടുത്തിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഈ പദ്ധതി 2016-17 ലെ വാർഷിക പദ്ധതിയായിരുന്നുവെന്നും എന്നാൽ നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാലാണ് 2017-18 വർഷം നടപ്പാക്കിയതെന്നും മുൻ വർഷം നിശ്ചയിച്ചിരുന്ന ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയതെന്നും മറുപടിയിൽ പറയുന്നു. പദ്ധതി സമയബന്ധിതമായി നടപ്പാക്കിയിരുന്നെങ്കിൽ സാമ്പത്തിക ലാഭം ഉണ്ടാകുമായിരുന്നു. 2016-17 വർഷം ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനം പിൻമാറിയപ്പോൾ തൊട്ടടുത്ത കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്ത് വാങ്ങൽ നടത്താമായിരുന്നു. അല്ലെങ്കിൽ വീണ്ടും ടെണ്ടർ നടപടികൾ സ്വീകരിച്ച് 2016-17 വർഷം തന്നെ പദ്ധതി നടപ്പാക്കാമായിരുന്നു. ഈ നടപടിക്രമങ്ങൾ ഒന്നും പാലിക്കാത്തതിനാൽ പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടായത്. പ്രോജക്ടുകൾ യഥാസമയം തന്നെ പൂർത്തിയാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-3 നെൽ കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ട് -ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് പ്രോജക്ട് നം. 015/18 പ്രകാരം നെൽവിത്ത് സബ്സിഡി എന്ന പ്രോജക്ട് നടപ്പാക്കി. ഇതിനായി ബിൽ നം.1/17-1-18 പ്രകാരം 8ലക്ഷം രൂപ പിൻവലിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്കു നൽകി. ആകെ 42 പാടശേഖര സമിതികളിലായി 1305.01 ഹെക്ടർ കൃഷിഭൂമിക്ക് 130501 കി.ഗ്രാം. നെൽവിത്താണ് ആവശ്യമായി വരുന്നത്. ഒരു കിലോ നെൽവിത്തിന് 40 രൂപ പ്രകാരം ആകെ 5220040 രൂപയാണ് നൽകേണ്ടത്. ഇതിൽ 8 ലക്ഷം രൂപ പദ്ധതി വിഹിതം കിഴിച്ച് 4420040/- രൂപ പാടശേഖര സമിതികളാണ് നൽകേണ്ടത് എന്നാണ് പ്രോജക്ടിൽ കാണുന്നത്. വാങ്ങിയ വിത്തുകൾക്ക് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി കൃഷി ഓഫീസറുടെ പേരിലാണ് വിൽപ്പന ബിൽ നൽകിയിട്ടുള്ളത്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പോരായ്മകൾ കാണുന്നു.

1. പദ്ധതി വിഹിതം കിഴിച്ച് ബാക്കി തുക പാടശേഖര സമിതികൾ നൽകും എന്ന് ഉറപ്പാക്കിയിരുന്നതായി കാണുന്നില്ല. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയുടെ 11-10-2018 ലെ A2/3274/18-ം നമ്പർ കത്തിൽ അവരുടെ ഇൻവോയ്സ് നം. 1381/17-18 പ്രകാരം 10020 കി.ഗ്രാം. ഉമ നെൽവിത്തിന് 400800/- രൂപ നാളിതുവരെ അടച്ചിട്ടില്ലെന്ന് കാണിച്ച് കൃഷി ഓഫീസർക്ക് കത്തു നൽകിയിട്ടുണ്ട്.
2. വിത്ത് വിതരണം ചെയ്ത രേഖകളോ വിത്ത് പാടശേഖര സമിതികൾ കൈപ്പറ്റിയ രേഖകളോ ഹാജരാക്കിയിട്ടില്ല.
3. പഞ്ചായത്ത് പരിധിക്കുള്ളിൽ നെൽകൃഷി വികസനത്തിനായി മറ്റ് പ്രോജക്ടുകളൊന്നും നടപ്പാക്കിയിട്ടില്ല

മുകളിൽ കാണിച്ചിട്ടുള്ളവയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയോ വിത്ത് വിതരണം ചെയ്ത രേഖകളോ പാടശേഖര സമിതികൾ കൈപ്പറ്റിയ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ 8 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് വർക്കുകൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13-11-2014-ലെ സർക്കുലർ നം.1/1559/2010/സി.ഇ. നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

1. ചെയർമാന്റേയും കൺവീനറുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതും അതിലൂടെ മാത്രമേ പണമിടപാടുകൾ നടത്തുവാൻ പാടുള്ളൂ എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
2. പ്രവൃത്തികൾക്കു വേണ്ടിവരുന്ന സാധനങ്ങൾ, തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ചുള്ള കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മസ്റ്റർ റോൾ ഒഴികെ മറ്റൊന്നും കൺവീനർ തയ്യാറാക്കിയിട്ടില്ല.

3. കരാർ പ്രകാരമുള്ള തുകയും ഗുണഭോക്തൃസമിതിയുടെ യഥാർത്ഥ ചെലവും നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചിട്ടില്ല.
4. ഫൈനൽ ബിൽ തയ്യാറാക്കുന്നതിനുമുൻപ് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിക്കുന്നില്ല.
5. ഗുണഭോക്തൃസമിതി കൺവീനർ പണം കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. എം. ബുക്ക് പ്രകാരമുള്ള തുക നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് വർക്കുകളുടെ കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-5 എ. ഇ. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ വിവിധ വർക്കുകളിൽ നിന്നും തൊഴിലാളി ക്ഷേമനിധി വിഹിതം അടക്കുന്നതിനായി ട്രഷറിയിൽ നിന്നും പണം കൈപ്പറ്റിയിട്ടുണ്ട്. ഈ തുക ക്ഷേമനിധി ബോർഡിൽ അടച്ചതായി കാണുന്നില്ല. അതുപോലെ തനത് ഫണ്ട് വകയിരുത്തിയിട്ടുള്ള വർക്കുകൾക്ക് ലഭിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽനിന്നും നികുതികൾ, ക്ഷേമനിധി വിഹിതം തുടങ്ങിയവ അതത് സ്ഥാപനങ്ങളിൽ അടച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്നുകാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ നികുതികൾ, ക്ഷേമനിധി വിഹിതം തുടങ്ങിയവ അതത് സ്ഥാപനങ്ങളിൽ അടച്ചതായി ഉള്ള രേഖകൾ ഹാജരാക്കിയില്ല എന്ന് മാത്രമല്ല അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. രാമങ്കരിയിൽ ഉള്ള 67305661594-ാം നമ്പർ അക്കൗണ്ടിൽ 25-03-2017 ൽ 18238/- രൂപ മിച്ചമുണ്ടായിരുന്നത് 25-03-2018 ൽ 116726/- രൂപയും 25-12-2018 ൽ 119832/ രൂപയും ആയി നിലനിൽക്കുന്നു. മിച്ചം നിലനിൽക്കുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ് എന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും മറുപടി നൽകിയിട്ടില്ല. വർക്കുബില്ലുകളിൽ നിന്നും പിടിച്ചിട്ടുള്ള നികുതികൾ, ക്ഷേമനിധി വിഹിതം തുടങ്ങിയവ അതത് സ്ഥാപനങ്ങളിൽ അടക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്റ്റ് നം. - S008/18

അടങ്കൽ - 1,50,000/-

ചെലവ് - 1,50,000/-

ബിൽ നം. - 3/17-18, തീയതി – 08.03.18

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി സിദ്ധ ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി 1,50,000/- രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായതായി രേഖയില്ല. ഫയൽ പരിശോധിച്ചതിൽ 100000/- രൂപയുടെ മരുന്നുകൾ ലഭ്യമായതായി ബോദ്ധ്യപ്പെട്ടു. ഇനിയും 50,000/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാനുണ്ടെന്നു കാണുന്നു. എത്ര മരുന്നുകൾ ലഭ്യമായി, ഇനി എത്ര ലഭ്യമാകുവാനുണ്ട് എന്നതിനെ സംബന്ധിച്ച് വിശദീകരണം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-7 കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം. | പ്രവൃത്തി | ഡെപ്പോസിറ്റ് | ബിൽ നം. |
|---|---|---|---|
| 1. | ചെറുകാപ്പ് എസ്.സി. കോളനിയിൽ സ്ട്രീറ്റ് മെയിന്റനൻസ് പ്രൊജക്ട് നം. S0033/18 | 2,66800/ | 14/17-18, 18.01.18 |
| 2. | ഗുരുപുരം മുതൽ കുമ്മങ്കരിയിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രൊജക്ട് നം. S0035/18 | 498693/- | 22/17-18, 26.02.18 |
| 3. | നെടുംപറമ്പ് പാലത്തിന് സമീപം വഴിയിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ – പ്രൊജക്ട് നം. S0055/18 | 10249/- | 21/17-18, 25.02.18 |
| | ആകെ | 775742/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. അതിനാൽ 775742/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പൊതുടാപ്പുകളുടെ വെള്ളക്കരം - വൻബാധ്യത

എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറ്റിയുടെ 3/18 ലെ വെള്ളക്കര ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരമിനത്തിൽ 6711136/- രൂപ ഡിമാന്റ് ഉള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിൽ ആകെ 208 ടാപ്പുകൾക്കായി 5250/- രൂപ പ്രകാരം പ്രതിമാസം 91000/- രൂപ ഡിമാന്റ് ചെയ്യുന്നുണ്ട്. 2018 ഫെബ്രുവരിയിൽ വെള്ളക്കരമിനത്തിൽ കുടിശ്ശിക ഉണ്ടായിരുന്ന 6492744/- രൂപയും ഫൈൻ 127392/- രൂപയും ആ മാസത്തെ വെള്ളക്കരം 91000/-രൂപയും ഉൾപ്പെടെയാണ് 6711136/- രൂപ വന്നിട്ടുള്ളത്. എന്നാൽ വെള്ളക്കരം കുടിശ്ശിക അടവാക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വെള്ളക്കരം യഥാസമയം അടയ്ക്കാത്തതിനാൽ പലിശയിനത്തിൽ വൻതുക പഞ്ചായത്തിന് ബാധ്യതവരുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ക്ഷേമപെൻഷനുകൾ -സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ക്ഷേമപെൻഷനുകൾക്ക് ലഭിച്ച അപേക്ഷകളിൽ വാർദ്ധക്യകാലപെൻഷൻ ഒഴികെയുള്ളവ തീർപ്പാക്കിയിട്ടുണ്ട്. 2 വാർദ്ധക്യകാലപെൻഷൻ അപേക്ഷകൾ തൻവർഷം തീർപ്പാക്കിയിട്ടില്ല.

ഓരോ ക്ഷേമപെൻഷനും തീർപ്പ് കൽപ്പിക്കേണ്ടതിന് കൃത്യമായ കാലയളവ് ഉണ്ട്. വാർദ്ധക്യകാലപെൻഷൻ 30 ദിവസത്തിനുള്ളിലാണ് തീർപ്പാക്കി പെൻഷൻ അനുവദിച്ച് നൽകേണ്ടത്. അപേക്ഷകൻ മരണപ്പെട്ട് പോകുന്ന സാഹചര്യത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. 80 വയസ്സ് കഴിഞ്ഞവർക്ക് വ്യത്യസ്ത നിരക്കിലാണ് പെൻഷൻ നല്കിവരുന്നത്, 80 വയസ്സ് കഴിഞ്ഞ അപേക്ഷകരുടെ വിവരങ്ങൾ പ്രത്യേകിച്ചും പ്രായം രജിസ്റ്ററിൽ രേഖപ്പെടുത്തി അതിനനുസരിച്ചാവണം ആനുകൂല്യം അനുവദിക്കേണ്ടത്. പെൻഷൻ വിതരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ഭാഗത്ത് നിന്നും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

ക്ഷേമപെൻഷനുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകൾ ലഭിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി, അന്വേഷണറിപ്പോർട്ട് ഹാജരാക്കിയ തീയതി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും, ഭരണസമിതിയുടെയും തീരുമാനം, പെൻഷൻ ആനുകൂല്യം നൽകിയ തീയതി എന്നിവയെല്ലാം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50000 | പാലിന് ഇൻസന്റീവ് | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 119995 | 5 |
| ജില്ലാ പഞ്ചായത്ത് | 60000 | | | |
| ബ്ലോക്ക് പഞ്ചായത്ത് | 283438 | ന്യൂട്രീഷൻ പ്രോഗ്രാം | 54361 | 229077 |
| ബ്ലോക്ക് പഞ്ചായത്ത് | 11967 | നെൽവിത്ത് സബ്സിഡി | 0 | 11967 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | നെടുപറമ്പ് പാലത്തിന് സമീപം പോസ്റ്റ് മാറ്റിയിടൽ (55/18) | 10249 | 10249 | -- |
| കെ.എസ്.ഇ.ബി | ഗുരുപുരം ജംഗ്ക്ഷൻ മുതൽ കുമരങ്കരിയിലേക്ക് സ്ട്രീറ്റ് മെയിൻ (35/18) | 498693 | 498693 | |
| കെ.എസ്.ഇ.ബി | ചെറുകാപ്പ് പുതുവൽ എസ് സി കോളനിയിൽ സ്ട്രീറ്റ് മെയിൻ (33/18) | 266800 | 266800 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1997-98 | 32, 57, 58 | 2001-02<br>2002-03 | 1. വ്യാജ രേഖ ചമച്ച് മരാമത്ത് പണികൾ ചെയ്തു<br>2. എസ്. സി. കുടുംബങ്ങൾക്ക് സി.എഫ്.എൽ. |

| | | | |
|---|---|---|---|
| 1999-2000 | 21-26 | 2003-04 | 1. മരാമത്ത് പണികൾ- രേഖ ഹാജരാക്കിയില്ല.<br>2. കമ്പ്യൂട്ടർ പഠനം രേഖ ഹാജരാക്കിയില്ല. |
| 2000-01 | 2-8 | 2005-06<br>(ഖണ്ഡിക നം. 2-21-8 | ധനവിനിയോഗ രേഖകൾ കൃത്യമാക്കാതെ പണം പിൻവലിച്ചു. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39416815 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39391360 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1798742 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,73,000/- | ശ്രീമതി. ടെസ്സില. എൻ. എ, സെക്രട്ടറി |
| 3-3 | 8,00,000/- | ശ്രീമതി. പ്രീജ ബാലൻ, കൃഷി ഓഫീസർ |
| 3-6 | 50,000/- | ഡോ. വിഷ്ണു നമ്പൂതിരി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-7 | 775742/- | ശ്രീമതി. ടെസ്സില. എൻ. എ, സെക്രട്ടറി |
| ആകെ | 1798742/- | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടെസ്സീല. എൻ. എ, സെക്രട്ടറി | സെക്രട്ടറി,<br>വെളിയനാട് ഗ്രാമപഞ്ചായത്ത് | അനന്താലയം,<br>അവലൂക്കുന്നു. പി. ഒ<br>ആലപ്പുഴ |
| ഡോ. വിഷ്ണു നമ്പൂതിരി,<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം) | കൂടൽ മന,<br>സനാതനപുരം. പി. ഒ. ആലപ്പുഴ |
| പ്രീജ ബാലൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>വെളിയനാട് ഗ്രാമപഞ്ചായത്ത് | ഇന്ദിര ഭവൻ, മുരുന്തൽ,<br>പെരിനാട്. പി. ഒ, കൊല്ലം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 (ചെലവ്) | എൽഎഫ്എ-14/1398/03, തീയതി – 04-11-03/10-12-03 |
| 2000-01 (വരവ്) | എൽഎഫ്എ-പി3/1004/11, തീയതി – 03-04-12/12-04-12 |
| 2001-02(വരവ്) | എൽഎഫ്എ-പി3/1005/11, തീയതി – 03-04-12/12-04-12 |
| 2002-03 | എൽഎഫ്എ-പി3/1006/11, തീയതി – 03-04-12/12-04-12 |
| 2003-04 | എൽഎഫ്എ-പി3/1007/11, തീയതി – 03-04-12/10-05-12 |
| 2004-05 | എൽഎഫ്എ-പി3/1008/11, തീയതി – 13-04-12/13-06-12 |
| 2005-06 | എൽഎഫ്എ-പി3/1009/11, തീയതി – 13-04-12/13-06-12 |
| 2008-09 | എൽഎഫ്എ-പി3/1012/11, തീയതി – 16-04-12/13-06-12 |
| 2009-10 | എൽഎഫ്എ-പി3/1013/11, തീയതി – 16-04-12/13-06-12 |
| 2010-11, 2011-12, 2012-13 | എൽഎഫ്എ-പി10/1573/13, തീയതി – 26-04-14/15-07-14 |
| 2013-14, 14-15 | കെ.എസ്.എ-എ.എൽ.പി-പി.10-1455/2015/ 16.11.15 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.12/5/2017/ 09.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.12/1177/2017/ 09.01.2017 |

.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ.4-1126(34)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി: 30.07.2018

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
..
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 2

<table>
<tr><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>ബാലൻസ് ഷീറ്റ്</td></tr>
</table>

.
.
.
..
.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ